കയറൂരി വിട്ടിരിക്കുകയാണ്. അത് മറ്റൊരു തങ്കമണി സംഭവമാകുന്നതിനുമുമ്പ് സത്വരമായ കരുതൽ നടപടികളും എടുക്കണമെന്ന് ഞാൻ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ. വെള്ളിക്കുളങ്ങര എസ്. ഐ. യുടെ ക്വാർട്ടേഴ്സിൽ വച്ച് 9-11-1986-ൽ എസ്. ഐ. തന്റെ കൈയ്ക്കു പിടിക്കുകയും തന്നോട് അപമര്യാദയായി പെരുമാറുകയും ചെയ്തുവെന്ന പരാതി 10-11-1986-ൽ തൃശ്ശൂർ ഡി. വൈ. എസ്. പി. ക്കു പള്ളത്തേരി ഗോപാലന്റെ ഭാര്യ കല്യാണി നൽകുകയുണ്ടായി. പരാതിയെ പറ്റി തൃശ്ശൂർ ഡി. വൈ. എസ്. പി. നേരിട്ട് അന്വേഷണം നടത്തിയതിൽ താഴെ പറയുന്ന വസ്തുതകളും മനസ്സിലാക്കി. എസ്. ഐ. പരമേശ്വരൻ ക്വാർട്ടേഴ്സിൽ തനിച്ചാണ് താമസം. കല്യാണി അയൽക്കാരനായ രഘുവരനുമായി പുരയിടത്തിന്റെ അതിർത്തിതർക്കത്തെ സംബന്ധിച്ച് 2-11-1986-ൽ എസ്. ഐ.-ക്കു പരാതി നൽകുകയുണ്ടായി. 7-11-1986-ൽ പെറ്റീഷനെക്കുറിച്ചു അന്വേഷിച്ച്. എസ്. ഐ. സ്ഥലത്തു ചെല്ലുകയും അടുത്ത ദിവസം 8-11-1986-ൽ രണ്ടു കക്ഷികളേയും സ്റ്റേഷനിൽ വരാൻ ഏർപ്പാടു ചെയ്യുകയും ചെയ്തു. 8-11-1986-ൽ കല്യാണി മാത്രമെ സ്റ്റേഷനിൽ ചെന്നുള്ളു. എതിർ കക്ഷിയെ വിളിപ്പിക്കാമെന്നും അടുത്ത ദിവസം 9-11-1986-ൽ ക്വാർട്ടേഴ്സിൽ ചെല്ലണമെന്നും അപ്പോഴെ വിവരം പറയാമെന്നും എസ്. ഐ. പറഞ്ഞു അതനുസരിച്ച് 9-11-1986-ൽ ഉച്ചയ്ക്ക് രണ്ടു മണിയോടുകൂടി കല്യാണി എസ്. ഐയുടെ ക്വാർട്ടേഴ്സിൽ ചെന്നു. അപ്പോഴെ എസ്. ഐ. കല്യാണിയുടെ കൈയ്ക്കു കടന്നു പിടിച്ചു എന്നും അപമര്യാദയായി പെരുമാറിയെന്നുമാണ് കല്യാണിയുടെ പരാതി. ഈ സംഭവം കണ്ട മറ്റൊരു സാക്ഷിയുമില്ല. എസ്. ഐ.-യുടെ ക്വാർട്ടേഴ്സിനു തൊട്ടുമുമ്പിൽ ഒരു വൈദ്യശാലയും ഒന്നുരണ്ടു കടകളുമുണ്ട്. അവർ ആരും തന്നെ ഇങ്ങനെയൊരു സംഭവം നടന്നതായി പറയുന്നില്ല. എസ്. ഐ. യുടെ ക്വാർട്ടേഴ്സിൽ പോകുന്നതിനു മുമ്പും അതിനുശേഷവും കല്യാണി വൈദ്യശാലയിൽ വന്നിരുന്നു. ഇപ്രകാരമൊരു സംഭവം നടന്നതായി വൈദ്യശാല ഉടമസ്ഥനോ മറ്റു ആരെങ്കിലുമോ പറയുന്നില്ല. എസ്. ഐ.-യുടെ ക്വാർട്ടേഴ്സിനകവശം റോഡിൽ നിന്ന് കാണാവുന്നതാണ്. ഇപ്രകാരമൊരു സംഭവം എന്തെങ്കിലും നടന്നിരുന്നെങ്കിൽ റോഡിൽ കൂടി പോകുന്ന ആൾക്കാർക്കു കാണാൻ സാധിക്കുമായിരുന്നു. എസ്. ഐ. പരാതിക്കാരിയോടു അപമര്യാദയായി പെരുമാറിയതിനു മറ്റു തെളിവുകളൊന്നും ഇല്ലെങ്കിൽതന്നെയും പരാതിക്കാരിയെ തനിച്ചു താമസിക്കുന്ന എസ്. ഐ. ക്വാർട്ടേഴ്സിൽ വരാൻ പറഞ്ഞത് സദുദ്ദേശത്തോടുകൂടിയായിരിക്കുകയില്ല. അതുകൊണ്ട് വിശദമായ അന്വേഷണത്തിലേക്കായി എസ്. ഐ.-യെ 15-11-1986 മുതൽ സസ്പെൻഡ് ചെയ്തിരിക്കുകയാണ്.

(7) ആലപ്പുഴ മുനിസിപ്പൽ അതിർത്തിയിൽ നിന്നും പൊളിച്ചു മാറിയ ബങ്കുകാരെ പുനരധിവസിപ്പിക്കാൻ നടപടി

ശ്രീമതി കെ. ആർ. ഗൗരി : സർ, നമ്മുടെ മുനിസിപ്പൽ ടൗണുകളിൽ മിക്കവാറുമുള്ള ബങ്കുകളും റവന്യൂ അധികാരികളും പൊളിച്ചു മാറിയത് സുപ്രീം കോടതിയിലെ ചില പരാമർശത്തെത്തുടർന്നാണെന്നാണ് പറയുന്നത് ആലപ്പുഴ ടൗണിൽ മുനിസിപ്പാലിറ്റി വച്ചുകൊടുത്ത ബങ്കുകളുണ്ടായിരുന്നു. അതുപോലെ അവിടെ ബങ്കുകളും ബങ്കുകാർ സ്വയം വച്ചതും മുനിസിപ്പാലിറ്റി.

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടതുകൊണ്ട് മുനിസിപ്പാലിറ്റിക്കു വിട്ടുകൊടുത്തു. അങ്ങനെ അതിൽ വാടകക്കാരായി കഴിഞ്ഞിരുന്ന കുറെ ആളുകൾ, അതൊരു നൂറ്റിപ്പതിനേഴോളം വരും. മറ്റവർ അറുപത്തിഏഴു പേരോളമുണ്ട്. ഇതൊന്നും അല്ലാത്ത കുറെ കടക്കാരുമുണ്ടായിരുന്നു. അനുവാദമില്ലാത്ത കയ്യേറ്റക്കാരുടെ കാര്യമല്ല ഞാൻ പറയുന്നത്. മുനിസിപ്പാലിറ്റി ബങ്ക് വച്ചുകൊടുത്ത് കച്ചവടം നടത്തിയിരുന്നവരുടെയും സ്വന്തമായി ബങ്ക് വച്ചിട്ടു മുനിസിപ്പാലിറ്റിയുടെ ആവശ്യാനുസരണം ആ ബങ്ക് മുനിസിപ്പാലിറ്റിക്ക് വിട്ടുകൊടുത്തതിനു ശേഷം വാടകക്കാരായിട്ട് ബങ്ക് നടത്തിവന്നവരുടെയും ഉൾപ്പെടെ മുഴുവൻ ബങ്ക് പൊളിച്ച് കളഞ്ഞിട്ട് ഇന്നൊരു കൊല്ലം ആകാൻ പോകുന്നു. ഏതാണ്ട് പത്തുമാസത്തോളമായി. ഈ പത്തുമാസത്തിനിടയിൽ രണ്ടു സെറ് ബങ്കുകാരും രണ്ടു സെറായിട്ടുനിന്ന് പ്രക്ഷോഭണം നടത്തുകയുണ്ടായി. കുറെ ആളുകൾ സത്യാഗ്രഹം നടത്തി. കുറെ ആളുകൾ പിക്കറ്റിംഗ് നടത്തി. രണ്ടാമത് കുടിലുകൾ വച്ചുനോക്കി. ഇതുകഴിഞ്ഞതിനുശേഷം ഇതുവരെയും അവർക്ക് Bunk തിരിയെ കൊടുക്കാൻ യാതൊരു നടപടിയും എടുത്തിട്ടില്ല. ആലപ്പുഴ ഡി. ഡി. സി. യിൽ ഇക്കാര്യം ചർച്ചയ്ക്കു വന്നപ്പോൾ ഒരു കമ്മിറ്റി സംഘടിച്ചുവെന്ന് പറഞ്ഞു. ഈ കമ്മിറ്റിയുടെ യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഈ ബങ്കുകാരിൽ ഇരുനൂറിൽപ്പരമാളുകൾ പട്ടിണിയിലാണ്. വളരെക്കാലമായി പട്ടിണിയിലാണ്. അവരുടെ ബങ്ക് പൊളിച്ചുകൊണ്ടുപോയി. അവർക്കുണ്ടായിരുന്ന സാധനങ്ങളെല്ലാം എടുത്തുകൊണ്ടുപോയി. അവർക്ക് പുതിയതായി കച്ചവടം നടത്തുന്നതിനുവേണ്ടിയുള്ള സൗകര്യം ഉണ്ടാക്കികൊടുക്കുന്നതിന് നോക്കാമെന്നു പറയുന്നതല്ലാതെ ഏതാണ്ട് പത്തു മാസത്തോളമായി ഈ വിഭാഗക്കാരുടെതായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള യാതൊരു നടപടിയും ഇല്ല. അതേ സമയം കോട്ടയത്ത് ഇതുപോലെ കുറെയാളുകളുടെ ബങ്ക് പൊളിച്ചു. അവർക്ക് വേറെ സ്ഥലത്തു ഗവ: കടയുണ്ടാക്കികൊടുത്തു. എല്ലായിടത്തും ഇങ്ങനെ ബങ്ക് പൊളിക്കുകയാണ്. മനുഷ്യൻ ജീവിക്കുന്നത് സ്വന്തം അദ്ധ്വാനംകൊണ്ടാണ്. എങ്ങനെയെങ്കിലും ജീവിക്കണമെന്നു കരുതി കടം വാങ്ങി കച്ചവടം നടത്തി ജീവിച്ച 200 കുടുംബങ്ങളെയാണ് പട്ടിണിയാക്കിയത് തൊഴിൽ കൊടുക്കാത്ത സർക്കാരാണ്. ഗവൺമെൻറിന് കൊടുക്കാൻ തൊഴിലൊന്നുമില്ലെന്നു ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി തന്നെ ഇവിടെ പറഞ്ഞതാണ്. സ്വയം തൊഴിലുകണ്ടെത്തണം എന്ന്. സർവ്വീസിലോ ഗവൺമെൻറുണ്ടാക്കുന്ന പ്രൊതുമേഖലയിലോ ഒരു തൊഴിലും ആഗ്രഹിക്കരുത്, സ്വയം തൊഴിൽ കണ്ടെത്തണമെന്നാണ് പറഞ്ഞത്. സ്വയം തൊഴിൽ കണ്ടെത്തി ജീവിച്ചിരുന്ന ഒരു വിഭാഗക്കാരാണിവർ. മുനിസിപ്പാലിറ്റികൾ ബങ്കുവച്ചുകൊടുത്തു കച്ചവടം നടത്തിവന്നവരും മുനിസിപ്പാലിറ്റിയിലേക്ക് ബങ്ക് വച്ചുകൊടുത്ത് വാടകക്കാരായി കച്ചവടം നടത്തിയിരുന്നവരുമായിട്ടുള്ള ഈ രണ്ടു വിഭാഗക്കാരുടെ കാര്യത്തിലും ഗവൺമെൻറ് ഉടനെത്തന്നെ ഇടപെട്ട് അവർക്ക് ബങ്ക് കൊടുക്കുന്നതിനാവശ്യമായിട്ടുള്ള വിധത്തിൽ നടപടി സ്വീകരിക്കണം. മനുഷ്യന് ഒന്നോ രണ്ടോ പത്തോ ദിവസം പട്ടിണി കിടക്കാം. എന്നും പട്ടിണി കിടക്കാൻ പറ്റുമോ ? ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ഒരു റവന്യൂ ഡിവിഷൻ ഓഫീസറെയാണ്. ആ റവന്യൂ ഡിവിഷൻ ഓഫീസർക്ക് മന്ത്രിമാരെ സ്വീകരിക്കാനും പ്രസംഗം നടത്താനുമല്ലാതെ സമയമില്ലെന്നാണ് അദ്ദേഹത്തോട് ചോദിച്ചപ്പോൾ പറഞ്ഞത്. ഏതായാലും ഇതിനൊരു കാലപരിധിവച്ചുകൊണ്ട് പതിനഞ്ച് ഇരുപതുദിവസത്തിനകം ഇവരെ റിഹാബിലിറ്റേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

2/1929/B

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ കാര്യത്തിൽ ഗവൺമെന്റിന് ഒരു മദ്ധ്യമാർഗ്ഗമേ സ്വീകരിക്കാൻകഴിയുകയുള്ളു. ഇലയ്ക്കും മുള്ളിനും കേടില്ലാതെ ഇങ്ങനെയുള്ള പ്രശ്നങ്ങളെ സമീപിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. ബങ്കുകൾ മാറുകയില്ലെന്നുള്ള നിലപാടില്ല. ഗതാഗതതടസ്സമുണ്ടാക്കുന്നതും പട്ടണത്തിന്റെ മുഖം വികൃതമാക്കുന്നതും വികസന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുന്നതുമായ ബങ്കുകൾ പൊളിച്ചുമാറും മാറുമ്പോൾ സാധാരണക്കാർക്ക് ബുദ്ധിമുട്ടുവരരുത്. ഇതാണ് പൊതുവായ നയം. ആലപ്പുഴയെ സംബന്ധിച്ച് ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. അവിടെ റോഡരുകിലായി സ്ഥാപിച്ച് മുനിസിപ്പാലിറ്റി വാടകയ്ക്കു കൊടുത്തിരുന്ന 64 ബങ്കുകൾ ഉണ്ടായിരുന്നു. അതു കൂടാതെ മുൻ ചെയർമാൻ വി. കെ. സേനന്റെ അനുവാദത്തോടുകൂടി ആറുമാസത്തോളം അഡ്വാൻസ് വാടക അടച്ചതും എന്നാൽ നിയമാനുസരണം അനുവാദം കൊടുക്കാത്തതുമായ 130 ബങ്കുകൾ വേറെയും ഉണ്ടായിരുന്നു. ഇങ്ങനെയുള്ള ബങ്കുകളെ സംബന്ധിച്ചിടത്തോളം മുഴുവൻ പൊളിച്ചുമാറ്റാനുള്ള ഒരു തീരുമാനമെടുത്തു. പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ വന്നപ്പോൾ ഡി. ഡി. സി. യിൽ ഇതിനെപ്പറ്റി ഒരു ചർച്ച വന്നു. ഇതുമുഴുവൻ ഇങ്ങനെ പൊളിച്ചുമാറ്റരുതെന്നു പറഞ്ഞുകൊണ്ട്, മാറ്റിയതിനെ സംബന്ധിച്ച് പ്രതിഷേധിച്ചുകൊണ്ട് ഒരു ചർച്ച വന്നു. 26-7-1986-ൽ ആലപ്പുഴയിൽകൂടിയ ഡി. ഡി. സി. യിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് നീക്കം ചെയ്തതിനുശേഷം ആലപ്പുഴയിലെ എം. എൽ. എ. ആയ ശ്രീ. കെ. പി. രാമചന്ദ്രൻ നായരുടെ നേതൃത്വത്തിൽ എട്ടംഗങ്ങളുള്ള ഒരു സബ്കമ്മിറ്റിയെ നിയമിക്കുകയും ആ സബ്കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് പ്രവർത്തിക്കണമെന്ന് ധാരണയുണ്ടാക്കുകയും ചെയ്തു. ആ സബ്കമ്മിറ്റി 6-8-1986-ൽ കൂടി. അനധികൃതമായി വച്ചിരുന്ന 64 ബങ്കുകളിൽ ആദ്യപടിയായി 32 എണ്ണം സ്ഥാപിക്കുന്നതിന് സ്ഥലനിർണ്ണയം ചെയ്യുകയും തീരുമാനം ഡി. ഡി. സി. ക്ക് അയയ്ക്കുകയും ചെയ്തു. പക്ഷെ 6-8-1986-ൽ കൂടിയ കമ്മിറ്റിയിൽ എല്ലാ അംഗങ്ങളും ഹാജരാകാതിരുന്നതുകൊണ്ടാണ് ആ തീരുമാനം ഇപ്പോൾ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നുള്ള നിലയിൽ കളക്ടർ അത് പെൻഡൻസിയിൽ വച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട രാമചന്ദ്രൻനായരടങ്ങുന്ന കമ്മിറ്റിയുടെ ശുപാർശ 32 എണ്ണം പുനഃസ്ഥാപിക്കണമെന്നാണ്. അതിനുള്ള സ്ഥലനിർണ്ണയം ചെയ്തിട്ടുണ്ട്. ആ കമ്മിറ്റിയിൽ മുഴുവൻ ആളുകളും ഹാജരാകാതിരുന്നതുകൊണ്ട് എല്ലാ ആളുകൾക്കും അത് സമ്മതമാണെങ്കിൽ അതിനെപ്പറ്റി പരിഗണിക്കാൻ വേണ്ടി കളക്ടർ മാറ്റിവച്ചിരിക്കുകയാണ്. ഏതായാലും ഗൗരിയമ്മ പറയുന്ന ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് ഉൽക്കണ്ഠയുണ്ട്. ആളുകളെ മാറ്റം ചെയ്യേണ്ടി വരും. ബങ്കുകൾ മാറ്റേണ്ടി വരും. മാറ്റിയാൽ, അവർക്ക് ബുദ്ധിമുട്ടില്ലാത്തവിധത്തിൽ, ഒരു ജീവൽപ്രശ്നമെന്ന നിലയിൽ അതൊക്കെ കാണുകയും അതിനെയൊക്കെ സമീപിക്കുകയും ചെയ്യും. ഏതായാലും ആലപ്പുഴ പട്ടണത്തിൽ ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല. ഇങ്ങനെയുള്ളവരെ നീക്കം ചെയ്യും എന്നുമാത്രം പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

(8) പ്രതിപക്ഷത്തിന് അർഹമായ പരിഗണനയും അവകാശങ്ങളും നിഷേധിക്കുന്നു എന്ന പരാതി

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിലും സഭയുടെ ശ്രദ്ധയിലും ഞാൻ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത് പ്രതിപക്ഷത്തിന് അർഹിക്കുന്ന പരിഗണനയും അവകാശങ്ങളും

LIBRARY ARCHIVES Kerala Legislative Assembly